Monthly Price Rs. 4/- 2012



# ബൈബിൾ ★ ★ ട്രൂത്ത്

ദൈവത്തിന്റെ വചനം

THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| | | | | |
|---|---|---|---|---|
| വിശ്വാസ പ്രമാണം ആവശ്യമാണ് ‘എങ്കിൽ’... | മനുഷ്യർക്ക് അധികാരം ഉണ്ട് ‘എങ്കിൽ’... | ഏതെങ്കിലും പേർ മതി ‘എങ്കിൽ’... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് ‘എങ്കിൽ’... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു ‘എങ്കിൽ’... |
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 26** **February 2012** **No.11**

# എഡിറ്റോറിയൽ

വളരെ കാലമായി നിലനിൽക്കുന്ന ഒരു പ്രതിഭാസമാണ് മതം രാഷ്ട്രീയത്തിൽ ഇടപെടുന്നതും രാഷ്ട്രീയം മതപരമായ കാര്യങ്ങളിൽ ഇടപെടുന്നതും. പല കാര്യങ്ങൾ ഇതിൽ നമ്മൾ കാണുന്നുണ്ട്. പക്ഷെ ഏറ്റവും അപകടകരമായ സ്ഥിതി ഇതിൽ ഒളിഞ്ഞുകിടക്കുന്നത് സ്വാർത്ഥതയാണ്. മതനേതാക്കൾ മതത്തെ ഉപയോഗിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതും രാഷ്ട്രീയ നേതാക്കൾ മതത്തെ ഉപയോഗിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതും ശ്ലാഘനീയമല്ല. വേറൊരു കൂട്ടർ രാഷ്ട്രീയത്തെയും മതത്തെയും യോജിപ്പിച്ച് കൊണ്ടുപോകുവാൻ ആഗ്രഹിക്കയും ചെയ്യുന്നു. അതിന്റേയും ഉദ്ദേശവും ഫലവും നാം തിരിച്ചറിയണം. കാര്യങ്ങൾ വിവേചിച്ചറിയുവാനുള്ള കഴിവ് മനുഷ്യർക്കുണ്ടാകുകയും അതനുസരിച്ച് ആത്മാർത്ഥമായ സമീപനം കൈക്കൊള്ളുകയും വേണം എന്നതാണ് ഈ കാര്യത്തിൽ ഓരോരുത്തരും തീരുമാനിക്കേണ്ടത്.

രാഷ്ട്രീയം ലൗകികവും മറ്റേതുദൈവികവുമാണല്ലൊ. ആത്മികകാഴ്ച്ചപ്പാടും ഭൗതിക കാഴ്ച്ചപ്പാടും രണ്ടും രണ്ടാണ്. ഒന്നു കാണുന്നതും മറ്റേത് കാണാത്തതുമാണ്. മനുഷ്യനിർമ്മിത മതങ്ങളാണ് രാഷ്ട്രീയത്തെ മുതലെടുക്കുവാൻ ശ്രമിക്കുന്നത്. മതത്തെ ഇളക്കി വിട്ട് സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ കരസ്ഥമാക്കുവാൻ ശ്രമിക്കുന്നവരുണ്ട്. അവർ ഈ ലോകത്തിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെക്കുന്നവരായിരിക്കും. മത നേതാക്കൾ ദൈവഹിതം തിരിച്ചറിയണം. അത് വെളിപ്പെടുത്തിയിരിക്കുന്ന ഏക ഗ്രന്ഥമായ ബൈബിൾ പരിശോധിച്ച് സത്യം കണ്ടെത്തണം. അതിന് അവർക്ക് കഴിയാതിരിക്കുവാൻ കാരണം മതം ഇന്ന് വെറും

ചടങ്ങുകളായി അധപ്പതിച്ചിരിക്കുന്നതുകൊണ്ടാണ്. ദൈവവചന പരിജ്ഞാനമല്ലാതെ ഇതിന് പ്രശ്നപരിഹാരമില്ല. സത്യത്തെ കുറിച്ചുള്ള അറിവാണ് ആളുകളെ ആത്മികമായി സ്വതന്ത്രരാക്കുന്നത്.

മതങ്ങൾ തന്നെ മതങ്ങളെ ദുരുപയോഗം ചെയ്യുന്നതും രാഷ്ട്രീയക്കാർ മതത്തെ ദുരുപയോഗം ചെയ്യുന്നതും ഒരുപോലെയാണ്. തെറ്റ് ആരു ചെയ്താലും തെറ്റു തന്നെയാണ്. മനുഷ്യർ ദൈവികത്വം കല്പിച്ച് രചിച്ചിരിക്കുന്ന ചിത്രങ്ങൾ ഏതായാലും അത് ഉപയോഗിക്കുന്നത് എന്തുദ്ദേശത്തിനുവേണ്ടിയാണ് എന്നതാണ് പ്രസക്തമായ കാര്യം. ദുരുപയോഗം ചെയ്യുന്നത് നല്ല കാര്യമായാലും അതിനോട് യോജിക്കുവാൻ സാധ്യമല്ല. ചിത്രങ്ങളായാലും പ്രതിമകളായാലും ഉപയോഗിക്കുന്നവർ ചിന്തിക്കണം. ഇതു ചെയ്യുന്നത് ദൈവേഷ്ടമാണോ എന്ന് പരിശോധിച്ച് വിലയിരുത്തണം. ദൈവം തിരുവെഴുത്ത് നല്കിയിരിക്കുന്നത് നന്മയും തിന്മയും ഇടകലർന്നു കിടക്കുന്ന ലോകത്തിൽ നന്മ തിരഞ്ഞെടുക്കുവാനാണ്. സകലവും ശോധന ചെയ്ത് നല്ലതു മുറുകെ പിടിപ്പിൻ എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്..

ദൈവം ആണ് നമ്മെ രൂപപ്പെടുത്തി ഭൗതികവും ആത്മികവുമായ നിലയിൽ സൃഷ്ടിച്ചത്. അതിന് പ്രത്യേക ഉദ്ദേശമുള്ളത് നാം അറിഞ്ഞിരിക്കണം. ശരീരത്തിനുള്ളിൽ തന്നിരിക്കുന്ന ആത്മാവിനെ ദൈവനിർദ്ദേശപ്രകാരം നിലനിർത്തുക എന്നതാണ് മുഖ്യം. ശരീരത്തെക്കാൾ ആത്മാവിന് പ്രാധാന്യമുണ്ട്. ദൈവത്തിന് നാം പ്രഥമസ്ഥാനം കൊടുക്കേണ്ടതുപോലെ, ശരീരത്തിലുള്ള ആത്മാവിന് നാം മുൻഗണന കൊടുക്കണം. അങ്ങനെയുള്ള ഒരു ചിന്ത നമ്മിൽ ഉണ്ടായാൽ ശരീരത്തെ കുറിച്ചുള്ള ആകുലത നാം കൈവെടിയും. ദൈവത്തിന്റെ വാഗ്ദാനത്തിൽ എല്ലാവരും ഉറച്ച് വിശ്വസിക്കണം.

സത്യദൈവത്തിലും അവന്റെ വചനത്തിലും വിശ്വസിക്കുന്നവർക്ക് മറ്റൊരു മുതലെടുപ്പിന്റേയും ആവശ്യമില്ല. കാരണം ദൈവം അവരെ സൂക്ഷിക്കുകയും അവർക്ക് ആവശ്യമുള്ളത് അവൻ നൽകുകയും ചെയ്യും. അവിശ്വാസികളാണ് മതത്തെ രാഷ്ട്രീയവൽക്കരിക്കുവാനും രാഷ്ട്രീയത്തെ മതവൽക്കരിക്കുവാനും ശ്രമിക്കുന്നത്. സത്യവിശ്വാസികൾ ദൈവവചനത്തെ വിശ്വസത്തിൽ അനുസരിച്ച് ദൈവഹിതം അവസാനത്തോളം നിറവേറ്റി സംശുദ്ധമായ ആത്മിയ ജീവിതം നയിച്ച് കഴിയും.

✶

# സഭക്കായി കർത്താവിനു നന്ദി

## J.C. ചോട്ട്

സഭക്കായി കർത്താവിനു നന്ദി കരേറ്റുവാൻ പറയുമ്പോൾ ഞാൻ ഉദ്ദേശിച്ചതു ക്രിസ്തു പണിതതും ബൈബിളിൽ വായിക്കുന്നതും അവനുള്ളതുമായ ഏക സഭയെയാണ്. കർത്താവിന്റെ അംഗീകാരവും അനുഗ്രഹവും ഉള്ള ഏകസഭയും അതു മാത്രമാണ്. ധാരാളം സഭകൾ ഉണ്ട് എന്നതു ശരിയാണ്. അതിന്റെ അർത്ഥം തെറ്റായ അനവധി സഭകളുണ്ട് എന്നതാണ്. മനുഷ്യനിർമ്മിതമായ അസംഖ്യം സംഘടനകൾ കർത്താവിന്റെ അംഗീകാരം കൂടാതെ അവനുള്ളതാണെന്നും അവന്റേതാണെന്നും അവകാശപ്പെടുന്നുണ്ട്. ദൈവത്തിന്റെ വചനത്തിൽ വായിക്കാത്ത ഏതെങ്കിലും സഭയിലെ അംഗമാണ് നിങ്ങൾ എങ്കിൽ ആ മതപരമായ സംഘം വിട്ട് ദൈവേഷ്ടം എന്തെന്ന് തിരിച്ചറിയാൻ അന്വേഷിക്കണം. കർത്താവിന്റെ കല്പനകൾ നിങ്ങൾ അനുസരിച്ചാൽ അവൻ നിങ്ങളെ അവന്റെ സഭയിൽ ചേർക്കും. അവനു യാതൊരു തെറ്റും സംഭവിക്കാതെ ശരിയായ സഭയിൽ തന്നെ കർത്താവ് നിങ്ങളെ ചേർക്കുമെന്നു ഉറപ്പിച്ച് വിശ്വസിക്കാം (പ്രവൃത്തി 2 വായിക്കുക).

സഭ രക്ഷിതാവല്ല എന്ന കാര്യം ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ. രക്ഷിക്കപ്പെട്ടവരാൽ ചേർക്കപ്പെട്ട ഒരു കൂട്ടം ആളുകളെയാണ് സഭ എന്ന് വിവക്ഷിക്കുന്നത് (പ്രവൃത്തി 2:47). ക്രിസ്തുവാണ് രക്ഷിതാവ് ക്രിസ്തുവിനു മാത്രമെ നമ്മെ രക്ഷിക്കാൻ കഴിയു (തീത്തൊസ് 2:13). അതേ സമയം ക്രിസ്തു തന്റെ സഭയെ പണിതു (മത്തായി 16:18). സഭക്കു വേണ്ടി അവൻ മരിച്ചു (എഫെസ്യർ 5:25). തന്റെ രക്തത്താൽ സഭയെ സമ്പാദിച്ചു (പ്രവൃത്തി. 20:28). പിന്നീട് നമ്മോടു പറഞ്ഞിരിക്കുന്നതു, അവൻ ശരീരത്തിന്റെ രക്ഷിതാവും ശരീരം സഭയും ആണെന്നാണ്. ഭർത്താവ് ഭാര്യക്കു തലയാകുന്നതുപോലെ ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നു (എഫെസ്യർ 5:23). തുടർന്ന് അപ്പോസ്തലനായ പൗലോസ് വിവരിക്കുന്നതു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു: സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു (കൊ

ലോസ്യർ.1:18). അതേ ലേഖകൻ നമ്മെ പ്രബോധിപ്പിക്കുന്ന മറ്റൊരു ഭാഗം ശ്രവിക്കുക. "നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവ് ഒന്നു, കർത്താവ് ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെ ഉള്ളവനും എല്ലാവരിലും കൂടെ വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെസ്യർ 4:4-6).

ഇപ്പോൾ ശരീരം ഒന്നു മാത്രമാണെങ്കിൽ, ആ ശരീരം സഭയാണെങ്കിൽ അതിന്റെ അർത്ഥം സഭ ഒന്നു മാത്രം എന്നതാണ്. സഭയാകുന്ന ശരീരത്തിന്റെ രക്ഷിതാവു ക്രിസ്തു മാത്രമാണെങ്കിൽ രക്ഷിക്കപ്പെടുവാൻ ആ ശരീരത്തിൽ, സഭയിൽ ആയിരിക്കണം എന്നതും പരമാർത്ഥമാണ്. ഒരാളെ കർത്താവ് രക്ഷിക്കുമ്പോൾ തീർച്ചയായും അയാളെ അവന്റെ സഭയോടു ചേർക്കും. അപ്പോൾ സഭയിൽ രക്ഷിക്കപ്പെട്ടവർ മാത്രമെ ഉണ്ടാകു എന്നു സ്പഷ്ടം. പിന്നീട് സഭയിലുള്ള അംഗങ്ങൾ എന്ന നിലക്ക് ശുദ്ധവും നിർമ്മലവുമായ ഭക്തിയോടെ ജീവിച്ച് ക്രിസ്തുവിന്റെ കാൽ ചുവടുകളെ പിൻപറ്റി, ധർമ്മികമായി, സത്യസന്ധമായി വസിച്ച്, കർത്താവിന്റെ മക്കൾ എന്നപോലെ അവന്റെ ആവശ്യങ്ങൾ മുഴുവൻ നിറവേറ്റുന്ന വിശ്വസ്ത ജീവിതം നയിക്കണം. അവന്റെ സഭയായി നാം നിലനില്ക്കണമെന്നാണ് കർത്താവന്റെ ആഗ്രഹം. അങ്ങനെയായാൽ ഒരുനാൾ "കറ, ചുളുക്കം മുതലായതു ഒന്നുമില്ലാത്ത സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുന്നിർത്തും (എഫെസ്യർ. 5:27). അവസാനം മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽ നിന്ന്  എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും (മത്തായി 13:41). ഇവിടെ പറയുന്ന രാജ്യം സഭയാണ് (മത്തായി 16:18,19), രക്ഷിക്കപ്പെടുവാനും സഭയിലേക്ക് ചേർക്കപ്പെടുവാനും സ്വർഗ്ഗത്തിലേക്ക് പോകുവാനും ഒരാൾ കർത്താവിനെ അനുസരിക്കയും മരണപര്യന്തം വിശ്വസ്തനായിരിക്കയും വേണം എന്ന കാര്യം ഓർമ്മയിൽ സൂക്ഷിക്കണം (വെളിപ്പാട് 2:10). സഭയിൽ അംഗമായി തീർന്നശേഷം എങ്ങനെ ജീവിച്ചാലും സ്വർഗ്ഗത്തിൽ പോകാമെന്നു വിചാരിക്കേണ്ട. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവാണ്.

അവന്റെ സഭയിൽ അംഗമാകാൻ രക്ഷിക്കപ്പെടുകമാത്രമല്ല, രക്ഷിക്കപ്പെട്ടവരായിതന്നെ മരണത്തോളം അവന്റെ സഭയിൽ ജീവിച്ചാലേ നിത്യരക്ഷ ഉറപ്പു വരുത്താൻ പറ്റു.

ക്രിസ്തു മരിച്ച് രക്തം കൊടുത്തു സമ്പാദിച്ചു നിർമ്മിച്ചതായ ആ ഏക സഭയിൽ രക്ഷിക്കപ്പെട്ടു അംഗങ്ങളാകാൻ സാധിക്കുന്ന നാം അവനു എത്ര നന്ദിയുള്ളവരായിരിക്കണം! അംഗങ്ങളായി തീരുന്ന നമുക്ക് അംഗത്വത്തോടുകൂടെ എല്ലാ നേട്ടങ്ങളും അവകാശങ്ങളും നമ്മെ അനുഗമിക്കും. ദൈവമക്കളായി തീരുന്ന നമുക്ക് യേശുക്രിസ്തുമൂലം പ്രാർത്ഥനയിൽ കൂടെ പിതാവിങ്കലേക്ക് നമുക്ക് പ്രവേശനം ഉണ്ട് (ഗലാ.3:26, 27;1യോഹന്നാൻ 5:14). അങ്ങനെ അവന്റെ വാഗ്ദാനങ്ങൾ എല്ലായ്പ്പോഴും നമ്മോടുകൂടെ ഉണ്ടാകും(മത്തായി 28:19,20). നിത്യജീവന്റെ പ്രത്യാശയോടൊപ്പം സകല ആത്മീയ അനുഗ്രഹങ്ങളും നമുക്കു ലഭ്യമാണ് (യോഹന്നാൻ. 14:13; എഫെസ്യർ 1:3). മാത്രമല്ല, സഭയിലെ അംഗങ്ങളാകുമ്പോൾ പ്രാദേശികമായും സാർവ്വദേശീകമായും നമുക്കു സഹോദരന്മാരും സഹോദരിമാരും ലഭിക്കുന്നു.

പിന്നീട് നാം ലോകത്തിൽ വെച്ച് ഏറ്റവും നല്ല ആളുകളുമായി ചേർന്നു ദൈവത്തെ ആരാധിക്കുവാനുള്ള അവസരവും ലഭിക്കുന്നു. അന്യോന്യം കൂട്ടായ്മ ആചരിക്കുവാനും പരസ്പരം സഹായിക്കുവാനും പ്രോൽസാഹിപ്പാനും പ്രവൃത്തിപ്പാനും മഹത്തായ ഉദ്ദേശത്തിനുവേണ്ടി ഒരുങ്ങുവാനും കഴിയുന്നു. കർത്താവിനെ നാം ആരാധിക്കുമ്പോൾ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ആത്മീയ പരിശീലനം നേടുകയാണ് ചെയ്യുന്നത്. നാം ഏതു മേഖലയിൽ പ്രവർത്തിക്കുന്നവരായാലും അതു നമുക്കു പ്രയോജനപ്രദമായിത്തീരുന്നു. നാം ആദ്യമായി ആത്മിയ ബന്ധം പുലർത്തുവാൻ ആവശ്യമായിട്ടുള്ള ബന്ധം നമ്മുടെ സ്വഭാവത്തെയും ജീവിതശൈലിയെയും വളർത്തുന്നതിനു ഉപകരിക്കും. ആത്മീക വർദ്ധനക്കു ഉതകുന്ന രീതിയിലുള്ള വളർച്ചയായിരിക്കും സംഭവിക്കുന്നത്. നമ്മുടെ വിവാഹമോ നമ്മുടെ കുട്ടികളുടെ വിവാഹമോ ആയാലും പ്രാദേശിക ഇടവകയിലെ അംഗങ്ങളെയോ അതുമല്ലെങ്കിൽ രാജ്യത്തുള്ള ഏതെങ്കിലും ഒരു ഇടവകയിൽ നിന്നു പങ്കാളികളെ തിരഞ്ഞെടുക്കുന്നു. ഈ കാര്യങ്ങളിൽ കൂടെ ഈ ആളുകളുമായി നാം അങ്ങനെ വളരെ

അടുക്കുന്നു. അപ്രകാരം നാം അവർക്കും അവർ നമുക്കും ഫലമുള്ളവർ ആകുന്നു. സമയാസമയങ്ങളിൽ അങ്ങനെ നാം ബുദ്ധിയുള്ളവരായിതീർന്നു പരസ്പരം കാര്യങ്ങൾ ചർച്ച ചെയ്യും. കർത്താവിന്റെ കുടുംബമായ സഭയിൽ അംഗങ്ങളായതുകൊണ്ട് ലഭിച്ച നൻമകൾ, അനുഗ്രഹങ്ങൾ എത്രയാണെന്നു പരിശോധിക്കാവുന്നതും വിലയിരുത്താവുന്നതുമാണ്.

അതിനു ശേഷം മൊത്തത്തിൽ ലോകവുമായുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുന്നതു നന്നായിരിക്കും. ക്രിസ്ത്യാനി ലോകത്തിന്റെ വെളിച്ചമാണെന്നു പ്രസ്താവിച്ചിരിക്കുന്നു (മത്തായി 5:14, 15). ഒരു വ്യക്തിയെ സംബന്ധിച്ച് കാര്യം ഇങ്ങനെയാണെങ്കിൽ ഒരു പ്രദേശത്തെ ഇടവകയിലുള്ള എല്ലാ അംഗങ്ങളേയും ലോകത്തിലുള്ള ക്രിസ്ത്യാനികളെ മുഴുവനും എടുക്കുക. അവരെല്ലാം അന്ധകാരമായ ഈ ലോകത്തിൽ വെളിച്ചങ്ങളായി പ്രതിനിധാനം ചെയ്യുകയാണ് (1യോഹന്നാൻ 1:5-7). ഈ വെളിച്ചങ്ങൾ ഒന്നും ലോകത്തിൽ ഇല്ലെങ്കിൽ എന്തായിരിക്കും സ്ഥിതി? അപ്പോൾ ലോകം മുഴുവൻ ഇരുട്ടായിരിക്കും. കർത്താവിനെ പ്രതിനിധീകരിക്കുന്നതിനു ആരും ഉണ്ടാകയില്ല; അങ്ങനെ വരുമ്പോൾ ലോകത്തെ നിലനിർത്തേണ്ട ആവശ്യം പിതാവിനും വരുന്നില്ല. അതിന്റെ അർത്ഥം, ഇന്നു ലോകം സ്ഥിതിചെയ്യുന്നതു അതിൽ ജീവിക്കുന്ന സഭ നിമിത്തം ആണ് എന്നതാണ്. ലോകത്തിനു അത് ഊഹിക്കാൻ കഴിയുകയില്ല. സഭയിലുള്ള അംഗങ്ങളിൽ പലർക്കും അത് അറിഞ്ഞുകൂടാ, എങ്കിലും അതു പരമാർത്ഥമാണ്. ഭൂമിയിൽ കർത്താവിന്റെ ജനം ഒന്നാണെന്നും അതിന്റെ വില വലുതാണെന്നും ഉള്ള അറിവ് ഒരാളിൽ ഉണ്ടാകുമ്പോൾ ഭൂമിയിൽ സഭയുടെ നിലനിൽപ്പിന് നാം എത്രമാത്രം നന്ദിയുള്ളവകാരണം.

മുകളിൽ പ്രതിപാദിച്ച കാര്യങ്ങളെല്ലാം സ്മരിക്കുമ്പോൾ പൗലൊസ് പ്രസ്താവിച്ചതിൽ അതിശയിക്കാനില്ല. “എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ (എഫെസ്യർ 3:20,21).

✶

# ക്രൂശിന്റെ വഴി

**ജോണി രാംസെ**

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കു കണക്കിടുവാനുള്ളതുതന്നെ (റോമർ 4:25). ക്രിസ്തു നമുക്കുവേണ്ടി മരിച്ചു നമ്മുടെ നീതീകരണത്തിനായി ഉയിർത്തെഴുന്നേറ്റു എന്ന വേദഭാഗം അടിസ്ഥാനപരമായി നമ്മുടെ ആത്മാവിന്റെ ഒരു നങ്കൂരമാണെന്നു മനസിലാക്കാം. സ്വർഗ്ഗം തുറന്നു മഹിമ എന്റെ ആത്മാവിൽ നിറച്ചതു എത്ര ഹൃദയസ്പർശിയായ കൃപയാണ് (പ്രവൃ.20:24).

മോശയുടെ ന്യായപ്രമാണപ്രകാരം ഊനമില്ലാത്ത മൃഗങ്ങളെയാണ് ദൈവത്തിനു യാഗമായി അർപ്പിക്കേണ്ടിയിരുന്നതു. എന്നാൽ അതിനു മുടന്തോ കുരുടോ ഇങ്ങനെ വല്ല ഊനവും ഉണ്ടായിരുന്നാൽ നിന്റെ ദൈവമായ യഹോവക്കു അതിനെ യാഗം കഴിക്കരുതു (ആവർത്തനപുസ്തകം 15:21). ദൈവത്തിനു എങ്ങനെ ബലി അർപ്പിക്കണം എന്ന കല്പന യിസ്രായേൽ മക്കൾ നിരന്തരമായി ലംഘിച്ചിരുന്നതായി മലാഖി പ്രവാചകൻ പറയുന്നു. മാത്രമല്ല, പാർസിയിലെ ദേശാധിപതിക്കു കാഴ്ച വെക്കാൻ മടിക്കുന്നതു അവർ ദൈവത്തിനു യാഗം കഴിക്കാൻ കൊണ്ടു വരുന്നു. “നിങ്ങൾ കണ്ണു പൊട്ടിയതിനെ യാഗം കഴിപ്പാൻ കൊണ്ടു വന്നാൽ അതു ദോഷമല്ല; അതിനെ നിന്റെ ദേശാധിപതിക്കു കാഴ്ച്ച വെക്കുക; അവൻ പ്രസാദിക്കുമോ? നിന്നോടു കൃപ തോന്നുമോ എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു (മലാഖി 1:8). നിരുപയോഗപ്രദമായവയെ അവർ ദൈവത്തിനു കൊടുത്തുവന്നു.

സ്വർഗ്ഗം തരുമ്പോൾ ദൈവികയുഗത്തിലെ ഏറ്റവും നല്ലതിനെയാണ് തരുന്നതു. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന എവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു(യോഹന്നാൻ 3:16). ഊനമില്ലാത്ത, യാതൊരു കുറ്റവുമില്ലാത്ത ജീവിതം നയിച്ച ദൈവത്തിന്റെ കുഞ്ഞാട് അറിയപ്പെട്ടതിൽ വെച്ച് ഏറ്റവും തികവുള്ള ജീവിതം നയിച്ച ആ ജീവിതം മർത്യ ശരീരങ്ങളുടെ

പാപപരിഹാരത്തിനു യാഗമായി ഏൽപ്പിച്ചു കൊടുത്തു. അതു കൊണ്ട് ദൈവദൂതന്റെ സ്തുതിഗീതത്തിൽ അത്ഭുതത്തിന് അവ കാശമില്ല. "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്രപൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ട് സർവ്വ ഗോത്ര ത്തിലും, ഭാഷയിലും, വംശത്തിലും, ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലക്കു വാങ്ങി (വെളിപ്പാട് 5:9). ലേകത്തിനു ലഭി ക്കാവുന്നതിൽ വെച്ച് എറ്റവും വലിയ സ്നേഹത്തിന്റെ ഉപഭോക്താ ക്കളാണ് നാമെന്ന് സംശയരഹിതമായി പറയാം.

**നമ്മുടെ രക്ഷയെ വിവരിക്കുന്ന സൂചകവാക്കുകൾ**

**നിരപ്പ്** : ക്രിസ്തുവിനെ കൂടാതെയുള്ള നമ്മുടെ അവസ്ഥയെ തിരുവെഴുത്തിൽ വിശദമാക്കുന്നുണ്ട്. "അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യ രും, പ്രത്യാശയില്ലാത്തവരും, ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ (എഫെ. 2:12). ഗൊൽഗോ ഥായിലെ സംഭവങ്ങൾ നിമിത്തം പാപികളായിരുന്ന നമ്മേയും നമ്മുടെ രക്ഷകന്റെ സമീപത്തേക്കു നയിക്കുമാറാക്കി. അങ്ങനെ വിദൂരതയിലായിരുന്നവരെ സമീപസ്ഥരാക്കി മടക്കിക്കൊണ്ടുവന്നു യോജിപ്പിച്ച നടപടിയെ നിരപ്പ് എന്നു പറയാം. ക്രൂശിൻമേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി. അതിനാൽ ഇരുപക്ഷത്തെയും ഏകശരീര ത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ (എഫെസ്യർ 2:16). നമ്മുടെ പാപങ്ങളാൽ ആയിരുന്നു നാം ദൈവത്തിൽ നിന്നു അക ന്നുപോയതു. അപ്പോഴാണ് യേശു നമുക്കു വേണ്ടി മരിച്ചതു. "അവ നിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊസ്യർ 1:19,20,).

**മോചനം** : കഴിഞ്ഞ കാലപാപങ്ങളും കുറ്റങ്ങളും കഴുകപ്പെട്ട് ശുദ്ധിയോടെ ക്രൂശിന്നരികിൽ നിരപ്പായ പ്രതലത്തിൽ നിൽക്കാൻ

കഴിയുക എന്നതു വില മതിക്കുന്ന ഒരു അനുഭവം തന്നെയാണ്. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായിതീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നതു. വിശ്വ സിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു(റോമർ 3:23-25). ആത്മാർത്ഥതയോടെ രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തു ചെയ്യണ മെന്ന പുരുഷാരത്തിന്റെ ചോദ്യത്തിനു അപ്പോസ്തലനായ പത്രൊസ് മറുപടി കൊടുക്കുന്നതു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപിൻ (പ്രവൃത്തി 2:38). ആകയാൽ നിങ്ങ ളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരി ഞ്ഞുകൊൾവിൻ എന്ന വേദഭാഗം നമ്മുടെ ആത്മാക്കളെ ഹർഷപു ളകിതരാക്കുന്ന ഒന്നു തന്നെയാണ് (പ്രവൃത്തി 3:19).

**വീണ്ടെടുപ്പ്** : അവനിൽ അവന്റെ രക്തത്താൽ നമുക്ക് അതിക്ര മങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്. ക്രിസ്തുവിന്റെ വിലയേ റിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടശേഷം നമുക്ക് ജീവന്റെ പുതു ക്കത്തിൽ നടക്കാൻ കഴിയുന്നു (എഫെസ്യർ 4:23,24). അതിനു പ്രഭാ പുരിതമായ ഒരു ഭാവിയുണ്ട്. ഇരുട്ടിൽ നിന്നു പ്രകാശത്തിലേക്ക് നമ്മുടെ യാത്ര ആരംഭിക്കുകയാണ്. വാട്ടമില്ലാത്ത, മങ്ങലില്ലാത്ത ദിവസങ്ങളുള്ള ഒരു ദേശത്തേക്കാണ് നാം സഞ്ചരിക്കുന്നതു (പ്ര വൃത്തി 26:18).

**മോചനദ്രവ്യം** : എല്ലാവർക്കും വേണ്ടി മറുവിലയായി കൊടു ത്തതു യേശുക്രിസ്തുവിനെ തന്നെയായിരുന്നു (1തിമൊഥെയോസ് 2:6). സാത്താൻ നമ്മെ തട്ടികൊണ്ടുപോയി പാപത്തിന്റെ ബന്ധന ത്തിൽ അടച്ചുവെച്ചിരിക്കയായിരുന്നു (റോമർ 2:13,14). പക്ഷെ നമ്മെ സ്വതന്ത്രരാക്കുന്നതിനു യേശു നമുക്കുവേണ്ടി മറുവിലകൊടുത്തു. കല്ലറയിൽ നിന്നു അവൻ എഴുന്നേറ്റു വരുവാൻ തക്കവണ്ണം. ദൈവ ശക്തി പ്രത്യക്ഷമായി ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധി യുടെ ആത്മാവ് സംഭന്ധിച്ച് ദൈവപുത്രനെന്നു ശക്തിയോടെ നിർണ്ണ യിക്കപ്പെടുകയും ചെയ്തിരിക്കയാണ് (റോമർ 1:5). ജീവപര്യന്തം

അടിമകളായിരുന്നവരെ ക്രിസ്തു വിടുവിച്ചു എന്നു എഫെസ്യർ 4:8വെളിപ്പെടുത്തുന്നു. അങ്ങനെ സാത്താനു മരണത്തിന്മേലുള്ള ശക്തി അവൻ ഇല്ലാതാക്കി (എബ്രായർ 2: 14).

✶

## ക്രിസ്തുവിന്റെ സഭ

## എന്നാൽ എന്ത്?

### G.F. റെയിൻസ്

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള പെന്തെകൊസ്തു നാളിൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ യെരുശലേം പട്ടണത്തിൽ ക്രിസ്തുവിന്റെ സഭ സ്ഥാപിതമായതായി നാം അപ്പോസ്ഥലപ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ട്. തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപു കർത്താവ് ശിഷ്യന്മാർക്കു നൽകിയ മഹത്തായ ആജ്ഞ അനുസരിച്ച് പത്രൊസ്, ആ ദിവസം യേശുവിന്റെ നാമത്തിൽ ഉള്ള പാപമോചനം പ്രസംഗിച്ചു (മത്തായി 28:18 -20; മർക്കൊസ് 16:15,16; ലൂക്കൊസ് 24:46,47). ഇതു ദൈവത്തിന്റെ മുൻനിർണ്ണയിച്ച പദ്ധതിയായിരുന്നു.

സുവിശേഷത്തിൽ വിശ്വാസം അർപ്പിക്കുന്നവർ തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റ് അനുസരണം പൂർത്തിയാക്കി കഴിയുമ്പോൾ അവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയിലേക്ക് ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:36-47). ആ ദിവസം സുവിശേഷം വിശ്വസിച്ച് അനുസരിച്ച് പ്രവർത്തിച്ച യെഹൂദന്മാരെ പോലെ നിങ്ങളും ഇന്നു തന്നേ സുവിശേഷം വിശ്വസിക്കയും അനുസരിക്കയും ചെയ്താൽ അവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയിലേക്കു ചേർത്തതുപോലെ നിങ്ങളേയും രക്ഷിച്ചു അവന്റെ സഭയിലേക്കു ചേർക്കും. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്തായി 16:18). കാരണം ദൈവം മുഖപക്ഷം നോക്കാതെ, തന്നെ അനുസരിക്കുന്ന, നീതി പ്രവർത്തിക്കുന്ന, ഭയപ്പെടുന്ന ഏവരെയും അവൻ അംഗീകരിക്കുന്നു(പ്രവൃത്തി 10:34,35).

പെന്തെക്കോസ്തു നാളിൽ മൂവായിരം യഹൂദന്മാർ എന്തു ചെയ്തു സഭയിലേക്ക് ചേർക്കപ്പെട്ടുവോ അതു ചെയ്തു ചേർക്കപ്പെട്ട ഒരു കൂട്ടം ആളുകളാണ് ക്രിസ്തുവിന്റെ സഭയിലുള്ളത്. അതു ക്രിസ്തുവിന്റെ ശരീരമാണ് (എഫെസ്യർ 1:20-23; കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെ ഓരോ ഇടവകകളായി സംഘടിപ്പിച്ചിരിക്കുന്നു. അവരെ എല്ലാം ചേർത്ത് ക്രിസ്തുവിന്റെ സഭ എന്ന് വിളിച്ചിരിക്കുന്നു (റോമർ 16:16). പുതിയനിയമ കാലത്തിലെ പ്രാരംഭസമയത്ത് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ആരാധിച്ചതുപോലെ ഞങ്ങൾ ആരാധിക്കുന്നു (യോഹന്നാൻ 4:24). ഒന്നാം നൂറ്റാണ്ടിലെ സഭ ഏതെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നോ അതേ പ്രവർത്തനങ്ങളിൽ ഞങ്ങൾ വ്യാപൃതരായിരിക്കുന്നു (പ്രവൃത്തി. 6:1-6; എഫെസ്യർ 4:16-18; 1തിമൊ. 3:15). അതുകൊണ്ട് ക്രിസ്തുവിന്റെ സഭ ഇന്ന് ഒരു നാമധേയ മത സംഘടനയല്ല. നാം ബൈബിളിൽ പുതിയ നിയമത്തിൽ വായിക്കുന്ന സഭയുടെ പ്രത്യുൽപാദനം മാത്രമാണ്.

തെറ്റായ പ്രമാണം, തെറ്റായ ഉപദേശം, തെറ്റായ ആരാധന, തെറ്റായ സംഘടന, തെറ്റായ പേർ ശരിയായ സഭയായി അറിയപ്പെടുകയില്ല. എന്നാൽ ശരിയായ പ്രമാണം, നേരായ നാമം എന്നിവ അതേ കാരണത്താൽ തെറ്റായ സഭയായി അറിയപ്പെടുന്നില്ല.

യേശുക്രിസ്തു പണിതതായ സഭയെക്കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നതു, നിങ്ങളുടെ പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയിൽ ചെന്നു പരിശോധിച്ച് മനസ്സിലാക്കുവാൻ ഞങ്ങൾ ആദരവോടുകൂടെ നിങ്ങളോടു അപേക്ഷിക്കുകയാണ് ചെയ്യുന്നതു. സത്യം അറിയുവാൻ ദൈവം തന്നിരിക്കുന്ന അവസരം നാം ശരിയായി ഉപയോഗിക്കുക. വിശ്വാസം എറ്റു പറച്ചിൽ, മാനുഷപ്രമാണം എന്നിവ ക്രിസ്തുവിന്റെ സഭ നിരാകരിച്ചിരിക്കുന്നു.

കാരണങ്ങൾ സ്പഷ്ടമാണ്. അവ യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു അപ്പുറമായി കൂട്ടായ്മയുടെ പരിശോധനയിൽ വിശ്വാസികളെ ഭിന്നിപ്പിക്കുന്നു. അവ അനാവശ്യമാണ്. സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവരാകുവാൻ പര്യാപ്തമായ വിശുദ്ധവചനമാണ് ദൈവം തന്നിരിക്കുന്നത് (2തിമൊഥെയോസ് 3:16,17). മുൻപറഞ്ഞവയെല്ലാം ദൈവശ്വാസീയമല്ലാത്ത ഉല്പന്നങ്ങളുടെ

ഊഹാപോഹങ്ങൾ മാത്രമാണ്.

മനുഷ്യനിർമ്മിതമായ പ്രമാണങ്ങളും നിയമാവലികളും വിശ്വാസപ്രമാണം ഏറ്റുപറച്ചിലും പാപങ്ങൾ ഏറ്റു പറച്ചിലും മറ്റും മനുഷ്യരെ ബന്ധിച്ചിരിക്കുന്ന മാനുഷിക അഭിപ്രായങ്ങളാണ് ദൈവവചനവുമായി അവയ്ക്കൊന്നും യാതൊരു സ്ഥാനവുമില്ല.

ഇന്നു വിശ്വാസത്തിനും പരിശീലനത്തിനും നിയമമായി നാമെല്ലാം പിൻപറ്റേണ്ടതു സുവിശേഷമാണ്. താഴെപറയുന്ന കാരണങ്ങൾ ഉപോൽബലകമാണ്.

ക്രിസ്തുവിനാണ് സകല അധികാരവും (മത്തായി 28:18). ക്രിസ്തു എന്ന ഏക നിയമകർത്താവ് ആണ് ഉള്ളതു (യാക്കോബ് 4:12). ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ദൈവജ്ഞാനത്തിൽ നമ്മുടെ വിശ്വാസം സ്ഥാപിക്കുന്നു (1കൊരി. 2:1-5). ക്രിസ്തുവാണ് സഭയുടെ തല (എഫെസ്യർ 1:20-23; കൊലോ. 1:18). ക്രിസ്തുവിൽ നാം പൂർണ്ണരാകുന്നു (കൊലോസ്യർ 2:10). നാം എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിലായിരിക്കണം(കൊലൊ. 3:17). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്ന് അതിർ കടന്നു പോകുന്നതു പാപമാകുന്നു (2യോഹ. 9) മനുഷ്യന്റെ വഴിയല്ല ദൈവത്തിന്റെ വഴി (സദൃവാക്യങ്ങൾ 14: 12). സകലവും പരിശോധിക്കുക; സത്യം മാത്രം സ്വീകരിക്കുക.

✶

## എറ്റവും ആവശ്യമുള്ള ആറു കാര്യങ്ങൾ

**ജാക്ക്. ഗ്രെ**

സഹോദരവർഗ്ഗത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങൾ എന്തെല്ലാമാണെന്നാണ് അദ്ദേഹം കരുതുന്നതു എന്ന് അനേക വർഷങ്ങൾക്കു മുമ്പ് ഗസ് നിക്കോളസിനോടു ഒരാൾ ചോദിക്കുകയുണ്ടായി. പരമപ്രധാന ആവശ്യങ്ങളെയാണ് അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചതു.

**1. അംഗങ്ങളുടെ പരിവർത്തനം:**-സ്നാനത്തേക്കാൾ കൂടുതൽ പലതും ഉള്ളടങ്ങുന്ന ഒന്നാണ് വീണ്ടും ജനനം. നമ്മളിൽ പലരും

വെള്ളത്താലും ആത്മാവിനാലും ജനിച്ചവരാണ്. അതു കൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല. ഇങ്ങനെ സ്നാനമേറ്റവർ, യേശു ദൈവപുത്രനാണെന്നും നമ്മുടെ ജീവിതത്തിന്റെ കർത്താവാണെന്നും വിശ്വസിച്ചവരാണ്. ക്രിസ്ത്യാനിത്വത്തെ സാധാരണ സമീപനമായി കാണുന്ന അനേകം ക്രിസ്ത്യാനികളുണ്ട്. പരിവർത്തനം വാസ്തവത്തിൽ ഒരാളുടെ ജീവിതവും തീരുമാനവും യേശുവിനു കീഴ്പ്പെടുത്തുക എന്നതാണ്. നമ്മുടെ ജീവിതത്തിൽ എല്ലായ്പ്പോഴും അവൻ നമ്മുടെ കർത്താവ് എന്നകാര്യം നാം മറക്കരുത്.

**2.തുടർച്ചയായ സാന്നിദ്ധ്യം:-** ഒരു ക്രിസ്ത്യാനി ആവുക എന്നാൽ സന്നിഹിതനാവുക എന്നതിനേക്കാൾ ഉപരിയാണ്. നിരന്തരമായ ആരാധനയും ബൈബിൾ പഠനവും കൂടാതെ ഒരാൾക്കും താൻ യഥാർത്ഥ ക്രിസ്ത്യാനി എന്നു പറയാൻ ധൈര്യം ഉണ്ടാകുകയില്ല. ഉപേക്ഷിക്കാവുന്ന കർത്തവ്യമല്ല ഇതു. പരിജ്ഞാനമില്ലാതെ വരുമ്പോൾ വളർച്ചയില്ല. ആരാധനയില്ലാതെ വന്നാൽ ആത്മീയ ജീവൻ ഇല്ലാത്ത സാധാരണ പാപിയായി അധഃപതിക്കുന്നു.

**3.വിശുദ്ധീകരണം:-** ക്രിസ്ത്യാനികളും ലോകത്തുള്ള ആളുകളും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കണം. ഈ നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്തെന്നാൽ അവർ ലോകത്തിന്റെ ഒഴുക്കിനനുസരിച്ചു നീന്തുന്നു എന്നുള്ളതാണ്. ലോകത്തിൽ നിന്ന് വേർപെട്ട സ്വഭാവം കാണിക്കേണ്ടവരിൽ ലോകത്തുള്ളവരുടെ സ്വഭാവം തന്നെ കണ്ടെത്തിയാൽ വ്യത്യാസം ഒന്നുമില്ലല്ലോ. മനസു പുതുക്കി രൂപാന്തരം പ്രാപിക്കേണ്ടവരാണ് ഇങ്ങനെ തരംതാഴ്ന്ന് കാണുന്നത്. ഇത് ഗുരുതരമായ വീഴ്ചയാണ്.

**4.ഔദാര്യം:-** യാഗത്തെക്കുറിച്ചും ഉദാരമായി നല്കുന്നതിനെക്കുറിച്ചും അധികം അധികമായി പഠിക്കുന്നവരാണ് കർത്താവിന്റെ ജനങ്ങൾ. ആധുനികചരിത്രത്തിലെ പ്രാഥമിക ഘട്ടത്തിൽ കർത്താവിന്റെ സഭ കോടിക്കണക്കിനു രൂപ ശേഖരിക്കുവാനും അതിനു

വലിയ വലിയ പദ്ധതികളും ആവിഷ്ക്കരിക്കയുണ്ടായി. എന്നാൽ സുദീർഘമായ കാലയളവിലേക്കു സഭാപ്രവർത്തനങ്ങൾ നടത്തേണ്ടവരുടെ ഔദാര്യപൂർവ്വമുള്ള നല്കൽ എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും ആവശ്യമാണ്. പ്രാപ്തിപോലെ ഓരോരുത്തൻ താന്താനുള്ളതു ചരതിച്ച് വെച്ച് കർത്താവിനു കൊടുക്കുവാൻ മടിക്കരുതു. വ്യക്തിപരമായ ഈ പ്രവൃത്തി ആരും ഉപേക്ഷയായി തള്ളിക്കളയരുത്.

**5. ഐക്യം** :- ധാരാളം ഇടവകകൾ ഇന്നു വിയോജിപ്പിലും ഭിന്നിപ്പിലും അകന്നു കഴിയുകയാണ്. സഭ ഒന്നു തന്നെ വിശ്വസിക്കയും ഒരേ ലക്ഷ്യത്തോടെ പ്രവർത്തിച്ച് ഒരേ പ്രത്യാശക്കായി കാത്തിരിക്കുന്നവരും ആയിരിക്കണം. അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ അനൈക്യമായിരിക്കും ഫലം. പരസ്പരം ആദരിക്കയും സഭയുടെ വളർച്ചക്കുവേണ്ടി വിട്ടുവീഴ്ച്ച അഭിപ്രായങ്ങളിൽ വരുത്തി യോജിപ്പിൽ എത്തണം. അന്യോന്യമുള്ള സ്നേഹമാണ് ഇതിനു വേണ്ടതു.

**6. അറിയപ്പെട്ട നേതൃത്വം** :- ബൈബിൾ എന്തു പറയുന്നു എന്നതിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം നടത്തിപ്പുകാർ. നായകന്മാർ ജനത്തെ ശരിയായി അറിയുന്നവർ ആയിരിക്കണം. എവിടെ പോകണം, എങ്ങനെ ആളുകളെ നയിക്കണം എന്നിവ അറിയുന്നവരായിരിക്കണം. അവർ ദൈവത്തിന് മുൻഗണന നൽകി സഭയെ സേവിക്കുന്ന സത്യതൽപ്പരരാകണം. പരിജ്ഞാനപൂർത്തി പ്രാപിച്ച അദ്ധ്യക്ഷന്മാർക്കേ അത്തരം കഴിവുകൾ ഉണ്ടായിരിക്കയുള്ളു.

മുൻ വിവരിച്ച കാര്യങ്ങൾ എല്ലാവരിലും ഉണ്ടാകേണ്ടതാണ്. ആ ഗുണഗണങ്ങൾ ഓരോരുത്തരും കാത്തു സൂക്ഷിച്ചാൽ, ലോകം മുഴുവൻ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെടും. അതിനു നിങ്ങളും തയ്യാറാകുമല്ലൊ.

പരിവർത്തനം എല്ലാ വ്യക്തികളിലും ഉണ്ടാകണം എന്നു പറയുമ്പോൾ, അതിൽനിന്ന് ആരെയും ഒഴിവാക്കുൻ സാധ്യമല്ല എന്ന് ഓർക്കുക. മനസിനും ജീവിതത്തിനും കാതലായ മാറ്റങ്ങൾ ഉണ്ടാകണം. വാക്കുകളിലോ ചിന്തകളിലോ മാത്രം ഒതുങ്ങി നിൽക്കുന്ന

ഒന്നല്ല ക്രിസ്ത്യാനിത്വം. സഭായോഗങ്ങൾ മുടക്കരുത് എന്ന കൽപന നാം അനുസരിക്കുമ്പോൾ, സഹോദരങ്ങളുമായുള്ള സഹവാസം അഥവാ കൂട്ടായ്മ നമുക്ക് ഉണ്ടായിരിക്കണം എന്നതാണ് കാര്യം. അതോടൊപ്പം ക്രിസ്തുവിനോടുള്ള കൂട്ടായ്മയുമാണ് നാം പുതുക്കുന്നത്. അതായത് വചനപ്രകാരമാണ് നാം അന്യോന്യമുള്ള ബന്ധം നിലനിർത്തേണ്ടത് എന്നർത്ഥം. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നാം കൂടിവരുന്നത് ദൈവത്തെ ആരാധിക്കുവാനാണ്. ഇട ദിവസം നാം കൂടിവരുന്നത് വചനം പഠിക്കുവാനും അന്യോന്യമുള്ള ബന്ധം പുതുക്കുന്നതിനുമാണ്. അത് എല്ലാവർക്കും പ്രയോജനപ്പെടണം.

ജഡികശുദ്ധിയേക്കാൾ ആത്മികശുദ്ധിക്ക് നാം പ്രാധാന്യം കൊടുക്കണം. ഭൗതിക ജീവിതത്തെക്കാൾ ആത്മികജീവിതത്തിന് നാം ഊന്നൽ കൊടുക്കണം. ദൈവത്തിന്റെ ആത്മാവിനെ നാം ഒരിക്കലും ദുഃഖിപ്പിക്കരുത്. കാരണം അവനാലല്ലോ നമ്മെ മുദ്രയിട്ടിരിക്കുന്നത്. നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കുന്നതിനാണ് ദൈവവചനവും യേശുക്രിസ്തുവിന്റെ രക്തവും ദൈവം വെച്ചിട്ടുള്ളത്. ഒരിക്കൽ ശുദ്ധീകരണം ലഭിച്ചവർക്ക് അത് തുടർച്ചയായി ലഭിക്കേണ്ടതാണ്. സംശുദ്ധമായ ക്രിസ്തിയ ജീവിതം യേശുക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് പരമ പ്രധാനമാണ്. ലോകത്തിലുള്ളവരും ക്രിസ്ത്യാനികളും തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ടായിരിക്കണം എന്നും നാം ലോകക്കാരിൽനിന്നും വേർപെട്ടിരിക്കണം എന്നും ദൈവം ആഗ്രഹിക്കുന്നു.

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരം നടത്തുവാൻ കൽപിച്ചിരിക്കുന്നത്, ഓരോരുത്തൻ പ്രാപ്തി പോലെ ഹൃദയത്തിൽ നിശ്ചയിച്ചുകൊടുക്കേണ്ടതിനാണ്. അത് നമ്മുടെ കാഴ്ച്ചപ്പാടും ആത്മാർത്ഥതയും വെളിപ്പെടുത്തുന്നു. സുവിശേഷപ്രവർത്തനവും വിശുദ്ധന്മാരുടെ മുട്ട് തീർക്കലും ലക്ഷ്യമാക്കിയാണ് ദൈവം അതു ചെയ്യുവാൻ പറഞ്ഞിരിക്കുന്നത്. സ്വതന്ത്രമായി തീരുമാനിച്ചു പ്രവർത്തിക്കുവാൻ ദൈവം അവസരം നൽകിയിട്ടുണ്ട്. പക്ഷെ നാം ആ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യരുത് എന്നു മാത്രം.

✶

## രക്ഷാ വഴി

യേശുവിനെ ക്രൂശിൽ തറെപ്പിച്ചു കൊല്ലുവാൻ പിശാച് ഒരു വഴി ഒരുക്കുകയായിരുന്നു. അതിന് അവൻ റോമാ ഗവൺമെന്റി നേയും യെഹൂദമതത്തെയും ഏജന്റുകളാക്കി. പാപിൾക്കുവേണ്ടി പാപരഹിതന്റെ മരണം അനിവാര്യമായിരുന്നു. ലോകസ്ഥാപനം മുതൽ ദൈവത്തിന്റെ പദ്ധതി മനുഷ്യരെ പാപത്തിൽനിന്നു വിടുവിക്കുക എന്നതായിരുന്നു. അങ്ങനെയുള്ള ദൈവത്തിന്റെ പദ്ധതിയെ ഒരു ശക്തിക്കും എതിർക്കുവാൻ സാധ്യമല്ല. മനുഷ്യരെ മരണഭീതിയിലും പരീക്ഷണത്തിലുമാഴ്ത്തി അവരുടെ ആത്മിയ ജീവിതവും സ്വസ്ഥതയും നശിപ്പിക്കുവാനാണ് പിശാച് എപ്പോഴും ശ്രമിക്കുന്നത്. പക്ഷെ ദൈവമോ മനുഷ്യന് സമാധാനവും സ്വസ്ഥതയും നിത്യമായി നൽകുവാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

**പ്രായശ്ചിത്തം:** “എന്റെ കുഞ്ഞുങ്ങളേ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. നമ്മുടേതിന്നു മാത്രമല്ല, സർവ്വലോകത്തിന്റേയും പാപത്തിനും തന്നെ”(1യോഹന്നാൻ 2:1, 2). ബലവാന്റെ വീട് കവർന്നെടുക്കുവാനുള്ള ശക്തിയാണ് നാം കർത്താവിൽ കാണുന്നത്. സാത്താന്റെ മേൽ വിജയം കൈവരിച്ച കർത്താവിലും അവന്റെ അമിത ബലത്തിലും നമുക്ക് ആശ്രയിക്കാം. ലോകശക്തിയേക്കാൾ അപാരമായ ശക്തിയാണ് ക്രിസ്തുവിന്റേത്(മത്തായി 12:29)

ക്രിസ്തുവിന്റെ ക്രൂശ് സമാധാനത്തിനുവേണ്ടിയുള്ളതായിരുന്നു. യേശുവിന്റെ പാത അനുരഞ്ജന പാതയാണ്, അഥവാ നിരപ്പിന്റെ പാതയാണ്. പിതാവായ ദൈവത്തോട് മനുഷ്യർക്ക് സമാധാനം കിട്ടുവാൻ മറ്റൊരു മാർഗവുമില്ല. ക്രിസ്തുവിനോടുകൂടെ നടന്നാൽ അത് സാധ്യമാകും(കൊലൊസ്യർ 1:10). ശൗൽ ഒരിക്കൽ ക്രിസ്തുവിന്റെ ശത്രുവായി പ്രവർത്തിച്ചിരുന്നു. അവൻ പോകുന്ന വഴി ശരിയാണെന്നായിരുന്നു അവന്റെ ധാരണ. പക്ഷെ അവന് പാപമോചനം ആവശ്യമായിരുന്നു. അവൻ സുവിശേഷം അനുസരിച്ചപ്പോൾ കർത്താവ് അവന്റെ പാപങ്ങൾ കഴുകിക്കളഞ്ഞു(പ്രവൃത്തികൾ 22:16).

അവന്റെ കുറ്റാരോപണവും പാപഭാരവും അതോടെ അവനിൽ നിന്നു നീങ്ങിപ്പോയി. കർത്താവിന്റെ മഹത്തായ വാഗ്ദാനങ്ങൾ അടങ്ങുന്ന യാഗവുമായി അവൻ ബന്ധപ്പെട്ടപ്പോൾ അവന്റെ ജീവിതത്തിനു മാറ്റമുണ്ടായി.

വിലകൊടുത്തു വാങ്ങി: "തന്റെ സ്വന്തരക്തത്താൽ സമ്പാദിച്ചവരാണ് കർത്താവിന്റെ രക്ഷ സ്വീകരിച്ചവർ"(പ്രവൃത്തികൾ 20:28). പാപത്തിന്റെ അടിമത്വത്തിന് തങ്ങളെ തന്നെ വിറ്റവരെ ആ അടിമത്വത്തിൽനിന്നു കർത്താവ് തന്റെ ശരീരവും രക്തവും വിലയായി കൊടുത്തു വാങ്ങുകയായിരുന്നു. അനേകരുടെ ജീവൻ വീണ്ടെടുക്കുവാനായി യേശു തന്റെ ജീവൻ നൽകി. ദൈവത്തിന്റെ നീതിയും പരിശുദ്ധിയും ഒരേപോലെ നിറവേറപ്പെടുവാൻ അത് അനിവാര്യമായിരുന്നു. അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി അരുളിച്ചെയ്തിരിക്കുന്നത്, "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരങ്ങൾ എന്നും നിങ്ങളെ വിലെക്ക് വാങ്ങിയിരിക്കയാൽ, നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയൊ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ(1കൊരിന്ത്യർ 6:19, 20).

പിശാച് സർവ്വ മനുഷ്യരേയും പാപത്തിലാഴ്ത്തി, ആത്മാവിന്റെ വില ലോകത്തിൽ ഏറ്റവും വലുതാക്കി നിർത്തിയപ്പോൾ, ദൈവം മനുഷ്യനായി വന്ന് മനുഷ്യരെ നിത്യമരണത്തിൽനിന്നു വിടുവിക്കുവാൻ തയ്യാറായത് നമ്മുടെ ഓരോരുത്തരുടേയും ഭാഗ്യമായി തീർന്നു. ദൈവം സൗജന്യമായി ആത്മാക്കളെ രക്ഷിക്കുവാൻ ഒരു വഴി ഒരുക്കി. യേശു ആ വഴി പൂർത്തിയാക്കി. നിസഹായരായ നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തെ പ്രത്യാശയുള്ളതാക്കി മാറ്റുന്ന ഒന്നാണ് ക്രൂശിന്റെ വഴി. ആ വഴി മാത്രമാണ് നമുക്ക് ആശ്രയിക്കാവുന്നത്. മനുഷ്യവർഗത്തിനു മുഴുവൻ പ്രയോജനകരവും പ്രായോഗികവുമായ വഴിയാണ് കർത്താവിന്റേത്. മറ്റു വഴികളെല്ലാം മനുഷ്യരുടേതും അത് നമ്മെ നാശത്തിലേക്ക് നയിക്കുന്നതുമാണ്. സാത്താൻ ഒരുക്കിയ അനേക വഴികൾ ലോകത്തിലുണ്ട്. നാം അവന്റെ തന്ത്രങ്ങളിൽ കുടുങ്ങി തോറ്റുപോകരുത് എന്ന് ദൈവവചനം നമ്മെ മുന്നറിയിക്കുന്നുണ്ട്.

കർത്താവിന്റേതെന്ന് തോന്നുന്ന പല വഴികൾ പിശാച് മനുഷ്യർക്ക് കാണിച്ചുകൊടുക്കും. ആളുകൾ വളരെ എളുപ്പത്തിൽ തെറ്റിദ്ധരിക്കുവാനിടയുണ്ട്. അത് മാറ്റുവാൻ ആളുകൾ ദൈവവചനവുമായി പരിശോധിക്കുകയാണ് വേണ്ടത്. ശരിയായ വഴി ആളുകൾ കാണാതിരിക്കുവാൻ ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ മനുഷ്യന്റെ കണ്ണ് കുരുടാക്കി വെച്ചിരിക്കുകയാണ്. അത് നാം അറിയാതിരിക്കരുത്. ഈ ലോകത്തിന്റെ അന്ധതമസിൽനിന്നു നമ്മെ വീണ്ടെടുത്ത് ദൈവം തന്റെ പുത്രന്റെ രാജ്യത്തിലാക്കിവെക്കുന്ന വഴിയാണ് ക്രൂശിന്റെ വഴി(കൊലൊസ്യർ 1:13). സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും നിരപ്പിക്കുന്ന നിരപ്പായ വഴിയാണ് യേശുവിന്റെ സ്വർഗീയ വഴി. വിലമതിക്കാനാവാത്ത ത്യാഗത്തിന്റേയും സ്നേഹത്തിന്റേയും വഴിയാണ് യേശുവിന്റേത്.

പാപം മനുഷ്യനെ താൽകാലിക ഭോഗേഛാനിവർത്തി സന്തോഷിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്താലും അത് നമ്മെ തീരാ ദുഃഖത്തിലാഴ്ത്തുമെന്ന യാഥാർത്ഥ്യം ആളുകൾ മറക്കുകയാണ്. പക്ഷെ ദൈവം മനുഷ്യർക്ക് നൽകുന്ന വാഗ്ദാനമായ രക്ഷ സൗജന്യമാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാനായി അവന് നമുക്ക് ഈ ലോകത്തിലെ എന്താണ് നൽകുവാൻ കഴിയുക? ഒന്നും നൽകുവാൻ കഴിയില്ല. കാരണം എല്ലാം അവന്റേതാണ്. നമ്മുടേതായി നമ്മിൽ ഒന്നുമില്ല. അതുകൊണ്ട് നാം നമ്മെത്തന്നെ ദൈവത്തിന് നൽകുവാൻ കടപ്പെട്ടിരിക്കുന്നു. ക്രൂശിന്റെ വഴി നിത്യജീവങ്കലേക്കുള്ള വഴിയാണ്. നാശത്തിലേക്കുള്ള വഴി വീതിയുള്ളതും വിശാലവുമാണ്, അതിൽകൂടെ പോകുന്നവർ അനവധിയാണ്. എന്നാൽ ജീവങ്കലേക്ക് പോകുന്ന വഴി ഇടുക്കവും ഞെരുക്കവുമുള്ളതാണ്, അതിൽകൂടെ പോകുന്നവർ ചുരുക്കമാണ്(മത്തായി 7:13, 14).

ക്രൂശിന്റെ വഴി സ്വീകരിക്കുന്നവർക്ക് പ്രതിഫലം വളരെ വലുതാണ്(യോഹന്നാൻ 14:1, 2). മനുഷ്യരിൽനിന്നോ അല്ലെങ്കിൽ ലോകത്തിൽനിന്നോ ലഭിക്കുന്ന പ്രതിഫലം താൽക്കാലികമായിരിക്കും. ദൈവം തരുന്നതെല്ലാം നിത്യമായിരിക്കും. ഏത് വേണമെന്ന് തീരുമാനിക്കുവാൻ ദൈവം നമുക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. നിത്യജീവൻ വേണോ അതോ നിത്യനാശം വേണോ എന്ന് തിരഞ്ഞെടുക്കേണ്ടത് നിങ്ങളും ഞാനുമാണ്. ഈ ആയുസിൽ മാത്രമാണ് നമുക്ക്

അതിനുള്ള അവസരമുള്ളത്. അതിനുശേഷം അവസരമുണ്ടായിരിക്കയില്ല.

**രക്തത്തിന്റെ വില:** ലോകചരിത്രത്തിലെ അനിഷേധ്യനിമിഷങ്ങളായിരുന്നു ക്രൂശിലേത്. നിരപരാധിയും പാതകരഹിതനുമായ മനുഷ്യപുത്രന്റെ ജീവനുള്ള ശരീരത്തിൽനിന്നു ജീവനുള്ള രക്തം പ്രവഹിക്കുവാൻ തുടങ്ങി. ചാട്ടവാറടിയേറ്റ് അവന്റെ രക്തം നാലുപാടും ചിതറി. രക്തം ചിന്തിയിട്ടല്ലാതെ വിമോചനമില്ല എന്ന ദൈവനിയമം നിറവേറുന്നു(എബ്രായർ 9:22). പഴയനിയമകാലത്ത് ആട്ടുകൊറ്റന്മാരുടേയും പശുക്കിടാങ്ങളുടേയും രക്തമായിരുന്നു പ്രായശ്ചിത്ത ബലിക്കായി അർപ്പിച്ചിരുന്നത്. അത് ആണ്ടുതോറും അർപ്പിച്ചിരുന്നു. അവയ്ക്കൊന്നിനും പാപമോചനം പൂർണ്ണമാക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഒരിക്കലായി യേശു തന്റെ രക്തം ചിന്തിയപ്പോൾ, ആ യാഗത്തിന് എന്നേക്കുമുള്ള ഒരു ഫലമുളവാക്കി. അതിന് മുൻകാലപ്രാബല്യവും പിൽക്കാല പ്രാബല്യവും വരുത്തി. ആ മഹത്തായ രക്തത്തിന്റെ വിലയെ ആരും കുറച്ചുകാണരുത്.

ശരീരത്തിൽ രക്തത്തിന് ഒഴിച്ചുകൂടാനാവാത്ത പ്രാധാന്യമാണുള്ളത്(പ്രവൃത്തികൾ 8:22-32). പഴയനിയമകാലത്ത് ദൈവപദ്ധതിയനുസരിച്ച് എങ്ങനെ പാപത്തിൽനിന്ന് മനുഷ്യരെ മോചിക്കുമെന്ന് വിശദമായി മുന്നറിയിക്കുന്ന വേദഭാഗമാണ് യെശയ്യാവ് 53. മശിഹയുടെ വരവിന്റെ ഉദ്ദേശം തന്നെ ഇതായിരുന്നു എന്ന് യെഹൂദജനത്തിന് അധികം പേർക്കും മനസിലായിരുന്നില്ല. അവരുടെ ചിന്തയെല്ലാം മശിഹ ഒരു ഭൗതികരാജ്യം സ്ഥാപിച്ച് യെഹൂദന്മാരെ ഭരിക്കും എന്നതിലായിരുന്നു. ദൈവഭരണം ആത്മികമാണെന്ന ചിന്ത അവരിൽ ഉണ്ടായിരുന്നില്ല. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ പലരേയും ശാരീരികമായി സൗഖ്യമാക്കി. പക്ഷെ ആത്മികസൗഖ്യമായിരുന്നു അവന്റെ ശുശ്രൂഷയുടെ ഉദ്ദേശം. മനുഷ്യജീവിതം ശരിയാകണമെങ്കിൽ, ആത്മികമായി ജീവിച്ചാൽ മാത്രമേ സാധ്യമാകു.

പാപജഡത്തിൽ വന്ന യേശു നമ്മുടെ എല്ലാവരുടേയും പാപങ്ങൾ വഹിച്ചുകൊണ്ടാണ് ക്രൂശിലേക്ക് പോയത്. അവന്റെ ഭൗതിക മരണത്താൽ നമ്മുടെ ആത്മികമരണം അവൻ ഒഴിവാക്കി. മരിച്ചവരിൽ നിന്ന് അവൻ ഉയർത്തെഴുന്നേറ്റത് നമ്മുടെ നീതീകരണത്തിനായിരുന്നു. അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നിരിക്കു

ന്നു. തെറ്റി ഉഴലുന്ന ആടുകളെപോലെ ആയ മനുഷ്യരെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ മറ്റൊരു മാർഗവുമില്ലായിരുന്നു. ആത്മാക്കളുടെ നല്ല ഇടയനായി അവൻ ആത്മാക്കൾക്ക് വേണ്ടി മരിച്ചു(1പത്രൊസ് 2:24, 25).

ക്രിസ്തുവിന്റെ രക്തം പൂർണ്ണവും മതിയായതുമാണ്. നമുക്ക് തമ്മിൽ വാദിക്കാം എന്ന് യഹോവയായ ദൈവം അരുളിച്ചെയ്യുന്നു. നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായാലും അത് ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയി തീരും. നിങ്ങൾ മനസുവെച്ചു കേട്ടനുസരിക്കുമെങ്കിൽ, ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മൽസരിക്കുന്നു എങ്കിലോ, നിങ്ങൾ വാളിനിരയായിത്തീരും. യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു(യെശയ്യാവ് 1:18-20). യേശുവിന്റെ രക്തത്തിനു മാത്രമെ പാപം പോക്കുവാനുള്ള ശക്തിയുള്ളു. പാപത്തെ അതിജീവിക്കുവാൻ കഴിവുള്ള ആ രക്തത്തെ ആരും തള്ളിക്കളയരുത് എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

യേശുവിന്റെ രക്തം നിയമരക്തമാണ്. പഴയനിയമത്തെ നീക്കി പുതിയനിയമം സ്ഥിരീകരിക്കുന്ന ഒന്നാണ് അത്. മരണത്താലല്ലാതെ ഒരു നിയമം പ്രാബല്യത്തിൽ വരികയില്ല എന്ന പ്രമാണം യേശുവിന്റെ മരണത്തിൽ നിറവേറുകയുണ്ടായി. എല്ലാം സഹിച്ചുകൊണ്ടായിരുന്നു യേശു മരിച്ചത്. പാപത്തെയും മരണത്തെയും തോൽപിച്ച് ജയിച്ചതായ ക്രിസ്തുവിന്റെ രക്തം ഇന്നും മനുഷ്യർക്കെല്ലാവർക്കും അനിവാര്യമാണ്. സ്വർഗത്തിൽ സന്തോഷിക്കുവാനുള്ള സന്ദർഭം ഒരുക്കിയതായിരുന്നു യേശുവിന്റെ യാഗം. യേശു മഹാപുരോഹിതനായി നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തരക്തവുമായി സ്വർഗത്തിൽ പ്രവേശിച്ചപ്പോൾ സ്വർഗത്തിൽ ആഹ്ലാദ ഗീതം മുഴങ്ങി. അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം എല്ലാം പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് സഹോദരന്മാരേ, നിങ്ങൾ നിങ്ങളുടെ ശരീരങ്ങൾ ദൈവത്തിന് ജീവനും വിശുദ്ധിയും പ്രസാദകരവുമായ യാഗമായി സമർപ്പിച്ചുകൊൾവിൻ.

✶

# നാം എന്താണ് വിശ്വസിക്കേണ്ടത്
### ഓവൻ ഡി. ഓൾബ്രൈറ്റ്

ലോകത്തിലുള്ള ആളുകളെ നമുക്ക് രണ്ടായി തരംതിരിക്കാം. ഒരു കൂട്ടരെ വിശ്വാസികൾ എന്നും മറ്റൊരു കൂട്ടരെ അവിശ്വാസികൾ എന്നും വിളിക്കാം. ആരാണ് വാസ്തവത്തിൽ വിശ്വാസികൾ? ആരാണ് അവിശ്വാസികൾ? അത് നിർവ്വചിക്കുന്നതിന് മുൻപ് നാം വിശ്വാസം എന്താണെന്ന് ബോധ്യപ്പെടേണ്ടിയിരിക്കുന്നു. ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണെന്ന് എബ്രായലേഖകൻ നിർവ്വചിച്ചിട്ടുണ്ട്. നമുക്ക് അറിവുള്ള കാര്യങ്ങളും അറിവില്ലാത്ത കാര്യങ്ങളുമുണ്ട്. കാണാത്ത പല കാര്യങ്ങളുണ്ട്. എല്ലാം നാം അറിയണമെന്നില്ല. കാണാത്ത യാഥാർത്ഥ്യങ്ങൾ നമുക്ക് കാണുവാൻ കഴിയുന്നതല്ലെങ്കിലും നമുക്ക് വിശ്വസിക്കേണ്ടതായിട്ടുണ്ട്.

തേരിൽ പോകുന്നതിനിടയിൽ തിരുവെഴുത്ത് വായിച്ചുകൊണ്ടിരുന്ന ഷണ്ഡനു പൊരുൾ തിരിച്ചുകൊടുത്ത സാഹചര്യം നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. വെള്ളമുള്ളോരു സ്ഥലമെത്തിയപ്പോൾ ഷണ്ഡൻ ഫിലിപ്പൊസിനോട്, “ഇതാ വെള്ളം എനിക്ക് സ്നാനം ഏൽക്കുവാൻ എന്തു വിരോധം?” എന്നു ചോദിച്ചു. അതിന് ഫിലിപ്പൊസ്, “നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവോ?” എന്നതിന് വിശ്വസിക്കുന്നു എന്ന് അവൻ മറുപടി പറഞ്ഞു. അങ്ങനെ അവർ ഇരുവരും വെള്ളത്തിൽ ഇറങ്ങി, ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തി.

കാരാഗൃഹപ്രമാണി പൗലൊസിനോടും മറ്റും ചോദിച്ചു, “രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം?” അതിനുള്ള മറുപടി, “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നിയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും” എന്നായിരുന്നു(പ്രവൃത്തികൾ 16:31, 32). കാരാഗൃഹപ്രമാണിയോട് എന്തെല്ലാം വിശ്വസിക്കണമെന്ന് പറഞ്ഞ രേഖ നമുക്ക് ഇല്ല. എല്ലാം അവിടെ രേഖപ്പെടുത്തേണ്ട ആവശ്യവുമില്ല.

**നാം എന്താണ് വിശ്വസിക്കേണ്ടത്?**

നാം വിശ്വസിക്കുന്നതിനേയും എന്തു വിശ്വസിക്കുന്നു എന്നതി

നേയും അടിസ്ഥാനപ്പെട്ടിരിക്കുകയാണ് രക്ഷ. ദൈവകൃപയാലാണ് രക്ഷ എങ്കിലും അതിന് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ട ചിലതുണ്ട്. അവയിൽ പെടുന്ന ഒന്നാണ് വിശ്വാസം. നമ്മുടെ വിശ്വാസം ആധികാരികമായിരിക്കണം. ഇന്ന് സകല അധികാരവുമുള്ളത് യേശുവിനാണ്. അതുകൊണ്ട് നാം അവനെ വിശ്വസിക്കണം.

പഴയനിയമത്തിൽ യഹോവ "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്നറിയപ്പെട്ടതുപോലെ കർത്താവ് പുതിയനിയമത്തിൽ പറഞ്ഞു, "ഞാൻ ആകുന്നവൻ ഞാനാകുന്നു" എന്ന് നിങ്ങൾ വിശ്വസിച്ചില്ല എങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും(യോഹന്നാൻ 8:24). യേശു തന്നെയാണ് ക്രിസ്തുവെന്നും അവൻ ദൈവപുത്രനാണെന്നും നാം വിശ്വസിക്കണം. അവൻ ദൈവമായിരുന്നു എന്നും നാം വിശ്വസിക്കണം. ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തിയവനാണ്. വചനമായിരുന്ന ക്രിസ്തു ജഡമായിത്തീർന്നു എന്നും അവൻ പാപപരിഹാരയാഗമായി തീർന്നു എന്നും ആ യാഗത്തോട് നാം അനുരൂപപ്പെടേണ്ടതാണെന്നും നാം വിശ്വസിക്കണം.

ക്രിസ്തുവിനെ വിശ്വസിക്കുകയും അവന്റെ ഉപദേശത്തെ തള്ളിക്കളയുകയും ചെയ്യുന്നത് അവനെ വിശ്വസിക്കുന്നതല്ല. കാരണം ക്രിസ്തുവിനേയും അവന്റെ ഉപദേശത്തേയും വേർപിരിക്കാവുന്നതല്ല. ക്രിസ്തുവിനെ കൈക്കൊള്ളുക എന്നു പറഞ്ഞാൽ അവന്റെ ഉപദേശത്തെ സ്വീകരിക്കുക എന്നതാണ്. അവന്റെ വചനങ്ങളെ തള്ളിക്കളയുന്നവനെ അവസാനം ന്യായവിധിനാളിൽ അവൻ സംസാരിച്ച വചനപ്രകാരം തന്നെ വിധിക്കും. ക്രിസ്തുവായിരിക്കും ന്യായവിധി നടത്തുന്നത്. അതുകൊണ്ടാണ് അവനിൽ വിശ്വസിക്കണം എന്നു പറയുവാൻ കാരണം. വിശ്വാസം കൂടാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ദൈവത്തിന്റെ അനുഗ്രഹം വേണമെന്നുള്ളവർ അവനെ ആശ്രയിക്കണം. ദൈവവാഗ്ദാനങ്ങളിൽ നമുക്ക് പൂർണ്ണമായി ആശ്രയിപ്പാൻ കഴിയണം. ദൈവം തന്റെ വാഗ്ദാനങ്ങളെല്ലാം പാലിക്കുക തന്നെ ചെയ്യും. അവൻ എപ്പോഴും വിശ്വസ്തനായിരിക്കും.

നമ്മുടെ വിശ്വാസം സ്ഥിരമായിരിക്കണം. ഇളകാത്തതും കുലുങ്ങാത്തതുമായ വിശ്വാസത്തിനായിരിക്കും ഫലമുണ്ടാകുന്നത്. യേശു

വിനെ നാം കർത്താവായി സ്വീകരിക്കയും അവനെ ബഹുമാനിക്കുകയും വേണം. അവനെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും അവൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്താൽ അത് അവനിൽ വിശ്വസിക്കുന്നില്ല എന്നു കാണിക്കുകയാണ്(ലൂക്കൊസ് 6:46). കർത്താവ് എന്ന വാക്കിന്റെ അർത്ഥം കർത്തൃത്വം നടത്തുന്നവൻ എന്നാണ്. അതായത് നാം കർത്താവിനാൽ നയിക്കപ്പെടണം. നമ്മുടെ ഹൃദയം അവനു തുറന്നുകൊടുത്താൽ മാത്രമെ അവൻ നമ്മുടെ ഹൃദയത്തിലേക്ക് പ്രവേശിക്കയുള്ളു. പ്രവേശിക്കാതെ അവൻ ഭരിക്കയുമില്ല. അവനിൽ പൂർണ്ണമായി വിശ്വസിക്കുന്നവർക്ക് മാത്രമേ അവനെ പൂർണ്ണമായി അനുസരിക്കുവാനും കഴിയു.

യേശു യെഹൂദന്മാരോട് പറഞ്ഞു, “നിങ്ങൾ എന്റെ പിതാവിന്റെ ശബ്ദം കേട്ടിട്ടില്ല, അവന്റെ വചനം നിങ്ങളിൽ വസിക്കുന്നതുമില്ല. അവൻ അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലൊ”(യോഹന്നാൻ 5:38). അവർ മോശെയെയും പ്രവാചകന്മാരെയും വിശ്വസിച്ചിരുന്നുവെങ്കിൽ യേശുവിനേയും വിശ്വസിക്കുമായിരുന്നു. യേശുവിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നവർ അവന്റെ ഉപദേശങ്ങളെ തള്ളിക്കളഞ്ഞാൽ അവർ വാസ്തവത്തിൽ ദൈവത്തെ തന്നെയാണ് തള്ളിക്കളയുന്നത്. ദൈവം അയച്ചവൻ ദൈവത്തിന്റെ ഇഷ്ടമാണ് സംസാരിച്ചതും പ്രവർത്തിച്ചതും. അത് ആളുകൾ തിരിച്ചറിയുന്നില്ല. മനുഷ്യരെ ജീവിപ്പിക്കുന്നതിനുള്ളതാണ് യേശുവിന്റെ വചനങ്ങൾ.

ക്രിസ്തു പഠിപ്പിച്ച് പരിശീലിപ്പിച്ച ശിഷ്യന്മാർ അറിയിച്ച സന്ദേശം അവരുടേതായിരുന്നില്ല. അവർ അറിയിച്ചതെല്ലാം ക്രിസ്തു വെളിപ്പെടുത്തിക്കൊടുത്തതും പരിശുദ്ധാത്മാവ് ശ്വാസിയമായി നൽകിയതുമായിരുന്നു. അവരുടെ സാക്ഷ്യം സത്യമായിരുന്നു. കർത്താവ് വരുമ്പോൾ അപ്പൊസ്തലന്മാരുടെ സാക്ഷ്യം വിശ്വസിച്ച എല്ലാവരിലും അവൻ അതിശയവിഷയം ആകേണ്ടതിനാണ് വരുന്നത്. വിശ്വസിച്ചവരിൽ ആണ് അവന്റെ ശക്തി വ്യാപരിക്കുന്നത്. ദൈവവചനം നമ്മുടെ ഉള്ളിൽ പരിവർത്തനം വരുത്തിക്കൊണ്ടിരിക്കും. നമ്മിലുള്ള വിശ്വാസത്തെ നാം വളർത്തിയെടുക്കണം. വചനാടിസ്ഥാനത്തിലായിരിക്കണം നാം വളരേണ്ടത്. വചനത്തിനപ്പുറമായ സമീപനം ആരിലും ഉണ്ടാകരുത് എന്ന് ദൈവം ആഗ്രഹിക്കുന്നു. രക്ഷക്കുള്ള സത്യമാണ് എല്ലാവരും സ്നേഹിച്ച് അനുസരിക്കേണ്ടത്(യോഹ

ന്നാൻ 16:13). അപ്പൊസ്തലന്മാരുടെ സാക്ഷ്യത്തെ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്ന ചിലർ രക്ഷയെ സംബന്ധിച്ചും ആരാധനയെയും സഭയെയും കുറിച്ചുള്ള അവരുടെ സാക്ഷ്യത്തെ തള്ളിക്കളയുകയും ചെയ്യുന്നത് വിരോധാഭാസമാണ്. പുതിയനിയമത്തിൽ ഉടനീളമുള്ള ഉപദേശരൂപം മുഴുവൻ നമുക്ക് ആവശ്യമുള്ളതാണ്. കുറെ സ്വീകരിക്കുകയും കുറെ തള്ളിക്കളയുകയും ചെയ്യുന്നത് ശരിയല്ല.

ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസം അനിവാര്യമാണ്. യേശു മരിച്ചവരിൽനിന്നു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു എന്നത് സത്യമാണ്. നമ്മളാരും കണ്ടിട്ടില്ല. പക്ഷെ ദൃക്സാക്ഷികളുടെ സാക്ഷ്യം നാം വിശ്വസിക്കണം. അപ്പൊസ്തലന്മാരായി തീർന്നവർ യേശുവിനോടുകൂടെ നടന്നവരും അവന്റെ ഉപദേശം നേരിട്ട് ലഭിച്ചവരുമായിരുന്നു. ഉയർത്തെഴുന്നേറ്റ ക്രിസ്തു അപ്പൊസ്തലന്മാർക്കും മറ്റു പലർക്കും പ്രത്യക്ഷമായി താൻ ജീവിച്ചിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തി. തന്നെയുമല്ല അവൻ സ്വർഗാരോഹണം ചെയ്തതും അപ്പൊസ്തലന്മാർ കണ്ടതാണ്. അതുകൊണ്ട് അവരുടെ സാക്ഷ്യങ്ങൾ എല്ലാം വിശ്വാസയോഗ്യമത്രെ. അവർ എഴുതപ്പെട്ടതെല്ലാം ദൈവശ്വാസിയമായതുകൊണ്ട് അവ തെറ്റുവാൻ സാധ്യതയില്ല. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെ അതിലുണ്ട് എന്നതു പരമപ്രധാനമായ കാര്യമാണ്.

യേശു ചിന്തിയ രക്തത്തിലും നമുക്ക് വിശ്വാസമുണ്ടായിരിക്കണം. രക്തം ശരീരത്തിന് ജീവൻ നൽകുന്നതുപോലെ ക്രിസ്തുവിന്റെ രക്തം നമുക്ക് വിശുദ്ധീകരണം നൽകുന്നു. അവന്റെ മരണം, അടക്കം ഉയിർപ്പ് എന്നിവ സകല മനുഷ്യർക്കും പ്രയോജനപ്പെടുന്നതാണ്. ക്രിസ്തുവിന്റെ യാഗത്തോട് വിശ്വാസപൂർവ്വം ബന്ധപ്പെടാത്തവർക്ക് ആ യാഗത്തിന്റെ പ്രയോജനം ലഭിക്കുകയില്ല. സർവ്വലോകത്തിനും വേണ്ടിയായിരുന്നു അവൻ രക്തം ചിന്തിയത്. ആ രക്തം എനിക്കും നിങ്ങൾക്കും ആവശ്യമാണ്. നാം ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും രക്ഷക്കായി അവനെ ഏറ്റുപറയുകയും വേണം. അവന്റെ രക്തം മൂലമാണ് നമുക്ക് വീണ്ടെടുപ്പ് സാധ്യമാക്കിയത്. അവൻ ഒരിക്കലായി അർപ്പിച്ച വിശുദ്ധരക്തത്താലാണ് സകല മനുഷ്യരേയും വിശുദ്ധീകരിക്കുന്നത് എന്ന വിശ്വാസം വേണം.

നമ്മെ രക്ഷിക്കുന്ന ദൈവശക്തിയാണ് സുവിശേഷം. സുവി

ശേഷം അഥവാ നല്ല വാർത്ത ക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്. തിരുവെഴുത്തിൻപ്രകാരം യേശു മരിച്ചു, തിരുവെഴുത്തിൻപ്രകാരം അവൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. ഇതാണ് നല്ല വാർത്തയായത്. യേശു മരിച്ചതും അടക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതും ഓരോ ഉദ്ദേശത്തിനായിരുന്നു. അവൻ മരിച്ചത് പാപസംബന്ധമായ നമ്മുടെ മരണം ഒഴിവാക്കുവാനായിരുന്നു. പാപസംബന്ധമായ നമ്മുടെ ശരീരത്തെ അടക്കം ചെയ്യുവാനാണ് യേശുവിനെ അടക്കം ചെയ്തത്. അവൻ ഉയിർത്തെഴുന്നേറ്റത് നമ്മെ നീതീകരിക്കുന്നതിനായിരുന്നു. വ്യർത്ഥവും പിതൃപാരമ്പര്യവുമായ നമ്മുടെ നടപ്പിൽനിന്നു നമ്മെ വീണ്ടെടുത്തത് പൊന്ന്, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല. ക്രിസ്തുവിന്റെ നിർദ്ദോഷവും നിഷ്ക്കളങ്കവുമായ രക്തം കൊണ്ടത്രെ.

നാം വിശ്വസിക്കരുതാത്തത് പലതുണ്ട്. നാം ദുരുപദേഷ്ടാക്കന്മാരെയും കള്ളപ്രവാചകന്മാരെയും വിശ്വസിക്കരുത്. അപ്പൊസ്തലന്മാർ അറിയിച്ച സുവിശേഷമല്ലാതെ മറ്റൊന്ന് അറിയിച്ചുകൊണ്ട് ആരെങ്കിലും വന്നാൽ അവരെ വിശ്വസിക്കരുത്. ക്രിസ്തുവിന്റെ ഉപദേശം കൊണ്ടല്ലാതെ ആരെങ്കിലും നിങ്ങളുടെ അടുത്ത് വന്നാൽ അവരെ വിശ്വസിക്കരുത്. ഏത് ആത്മാവിനേയും വിശ്വസിക്കരുത്. ആത്മാക്കൾ ദൈവത്തിൽനിന്നുള്ളതാണോ എന്ന് ശോധന ചെയ്യുവാൻ പറഞ്ഞിരിക്കുന്നു(1യോഹന്നാൻ 4:1).

നാം ഭോഷ്ക്ക് വിശ്വസിക്കരുത്. രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ ആളുകൾ സ്നേഹിച്ചു കൈക്കൊള്ളാതിരുന്നാൽ ദൈവം അവർക്ക് ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയക്കും എന്ന് പറഞ്ഞിരിക്കുന്നു(2തെസലൊനിക്യർ 2:11, 12). നാം സത്യം മാത്രമെ വിശ്വസിക്കാവു. ഭോഷ്ക്കിൽ പ്രിയം വെച്ചവർക്ക് സ്വർഗരാജ്യത്തിൽ അവകാശമില്ല എന്നു വചനം നമ്മെ മുന്നറിയിച്ചിരിക്കുന്നു. അതുകൊണ്ട് നാം വചനത്തിനപ്പുറമായ ഒന്നിലും വിശ്വാസം അർപ്പിക്കരുത് എന്ന് ഉറപ്പിക്കണം. മരണപര്യന്തം നാം വിശ്വാസമുള്ളവരായിരിക്കണമെന്നതാണ് ദൈവേഷ്ടം.

✶

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

# പ്രാർത്ഥനയുടെ ശക്തി

**ഡെന്നി ലോയ്ഡ്**

മിക്കവാറും എല്ലാവരും പ്രാർത്ഥനയെ കുറിച്ച് കേട്ടിട്ടുള്ള വരാണ്. എന്നാൽ എല്ലാവരും ഒരേ രീതിയിലല്ല പ്രാർത്ഥിക്കുന്നത്. ആളുകൾ പ്രാർത്ഥിക്കുവാൻ പഠിച്ചത് ആളുകളിൽനിന്ന് പാരമ്പര്യ മായിട്ടായതിനാൽ ആണ് ഈ വൈവിധ്യം സംഭവിച്ചത്. എന്നാൽ യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിട്ടുണ്ട്. നമുക്ക് അനുകരിക്കാവുന്ന ഏക മാതൃക കർത്താവിന്റേതാണ്. അവൻ എപ്പോഴും പ്രാർത്ഥിക്കാറുണ്ടായിരുന്നു. രാത്രിയിലും പകലും വ്യത്യാസമില്ലാതെ ഏതു കാര്യവും തുടങ്ങുന്നതിന് മുൻപ് അവൻ പ്രാർത്ഥിക്കുമായിരുന്നു. തന്റെ അനുയായികളുടെ ആവ ശ്യപ്രകാരം യേശു അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുമ്പോൾ അതിൽ ഉൾപ്പെടുത്തിയിരുന്ന കാര്യങ്ങൾ വളരെ പ്രസക്തമാണ്. പിതാവായ ദൈവത്തെ ബഹുമാനത്തോടെ സംബോധന ചെയ്യ ണം. ദൈവവും മനുഷ്യരും തമ്മിലുള്ള ആശയവിനിമയമാണ് പ്രാർത്ഥന.

നമ്മുടെ അഭയയാചന ദൈവസന്നിധിയിൽ എത്തുവാനും അതിന് മറുപടി ലഭിക്കുവാനും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളുണ്ട്. ആദ്യമായി നമ്മുടെ പ്രാർത്ഥനക്ക് ഒരു ദിശാബോധം ഉണ്ടായിരി ക്കണം. സ്വർഗത്തെ ലക്ഷ്യമാക്കിയായിരിക്കണം നാം ദൈവത്തോട് അപേക്ഷിക്കേണ്ടത്. സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ എന്ന പ്രയോഗത്തിൽ ദൈവത്തിന്റെ ഇഷ്ടം നാം മാനിക്കണം എന്ന അർത്ഥമാണുള്ളത്(മത്തായി 6:1-13). കപടഭക്തിക്കാരെപ്പോലെയും ജാതികളെപോലെയും ആകരുത് എന്ന മുന്നറിയിപ്പും യേശു നൽകു ന്നുണ്ട്.

വിശ്വാസത്തോടുകൂടിയായിരിക്കണം നാം ദൈവത്തെ സമീ പിക്കേണ്ടത്. പലർക്കും ലഭിക്കാതിരിക്കുന്നതിന്റെ കാരണം അവർ വിശ്വാസത്തോടെ യാചിക്കാത്തതുകൊണ്ടാണ്. അർത്ഥരാത്രിയിൽ പൗലൊസും ശിലാസും തടവിൽ കിടന്നു പ്രാർത്ഥിച്ചപ്പോൾ അതിനു മറുപടി ലഭിച്ചു. തടവിന്റെ വാതിലുകൾ തുറക്കപ്പെടുകയും കാരാ ഗൃഹപ്രമാണി ഒടുവിൽ രക്ഷിക്കപ്പെടുകയും ചെയ്തു.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378